**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1625** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>മുനിസിപ്പൽ കോമൺ സർവീസിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഡ്യൂട്ടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സുധീർഷാ പാലോട് ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** മുനിസിപ്പൽ കോമൺ സർവീസിൽ ആകെ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ ചുമതലകളും കർത്തവ്യങ്ങളും നിശ്ചയിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുനിസിപ്പൽ കോമൺ സർവീസിൽ ആകെ 200 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികകൾ നിലവിൽ ഉണ്ട്.

(JPHN Gr.II – 134, JPHN Gr.I – 66)

ഇവരുടെ ചുമതലകളും കർത്തവ്യങ്ങളും നിശ്ചയിച്ച് നൽകിയിട്ടില്ല.

**(ബി)** തിരുവനന്തപുരം നഗരസഭയിൽ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലി ചെയ്യുന്നുണ്ട്; നഗരസഭയുടെ മാതൃ-ശിശു കേന്ദ്രങ്ങൾ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയ സാഹചര്യത്തിൽ പ്രസ്തുത ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ഇപ്പോൾ ചെയ്യുന്ന ജോലികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇവരുടെ കൺട്രോളിങ് ഓഫീസർ ആരാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II -28, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I -6 എണ്ണം വീതം ജീവനക്കാർ ജോലി ചെയ്യുന്നു. പ്രസ്തുത ജീവനക്കാർ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി നിർവചിച്ച് നൽകിയിട്ടുള്ള ജോലികൾ ആണ് ചെയ്യുന്നത്. ഇവരുടെ കൺട്രോളിങ് ഓഫീസർ നഗരസഭാ സെക്രട്ടറി ആണ്.

**(സി)** പി. എസ്. സി. വഴി നിയമിതരായവരും വർഷങ്ങളോളം സർവീസ് ഉള്ളവരുമായ പ്രസ്തുത നഴ്സുമാർക്ക് കൃത്യമായി ജോലി നിശ്ചയിച്ച് നൽകി നഗരസഭാ ഹെൽത്ത് ഓഫീസറുടെ കീഴിൽ ജോലിചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത ജീവനക്കാരുടെ ജോലികളും ചുമതലകളും കൃത്യമായി നിശ്ചയിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**(ഡി)** ആരോഗ്യ വകുപ്പിനും മുനിസിപ്പൽ കോമൺ സർവീസിനും പൊതുവായി ഉള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതരാകുന്ന വനിതകളായ പ്രസ്തുത ജീവനക്കാർക്ക് കൃത്യമായ ജോലി നിർവ്വചിച്ച് നഗരസഭ നൽകിയിട്ടുണ്ടോ; നഗരസഭക്ക് പ്രസ്തുത ജീവനക്കാരുടെ സേവനം ആവശ്യമില്ലാത്ത പക്ഷം അവരെ ആരോഗ്യവകുപ്പിലേക്ക് പുനർ വിന്യസിക്കാൻ നടപടി സ്വീകരിക്കുമോ; വ്യകതമാക്കാമോ?

**മറുപടി:** ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലെ ജീവനക്കാർ നിലവിൽ അതാത് നഗരസഭാ സെക്രട്ടറിമാർ നിർവചിച്ച നൽകിയിട്ടുള്ള വിവിധ ജോലികൾ ആണ് ചെയ്യുന്നത്. മേൽ ജീവനക്കാരെ ആരോഗ്യ വകുപ്പിലേക്ക് പുനർ വിന്യസിക്കുന്നതിന് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**